അഭിമന്യു വധക്കേസിലെ പ്രതികൾക്കായി തളിപ്പറമ്പിൽ റെയ്ഡ്; കിട്ടിയത് മറ്റൊരു കേസിലെ നാല് എസ്.ഡി.പി.ഐക്കാരെ

തളിപ്പറമ്പ: അഭിമന്യു വധക്കേസിലെ പ്രതികളായ എസ്.ഡി.പി.ഐക്കാർക്കായി തളിപ്പറമ്പിലും പരിസര പ്രദേശങ്ങളിലും നടത്തിയ റെയ്ഡിൽ കൊല്ലത്തെ മറ്റൊരു അക്രമക്കേസിലെ പ്രതികളായ എസ്.ഡി.പി.ഐ പ്രവർത്തകരാണ് പോലീസിന്റെ കെണിയിൽപെട്ടത്. കൊല്ലം സി.ഐ വിനോജിന്റെ നേതൃത്വത്തിലുള്ള സംഘമാണ് റെയ്ഡിന് നേതൃത്വം നൽകിയത്. അഭിമന്യു വധക്കേസിലെ പ്രതികൾ കണ്ണൂർ ജില്ലയിലെ ഒളിസങ്കേതത്തിൽ കഴിയുന്നുണ്ടെന്ന രഹസ്യ വിവരം ലഭിച്ചതിനെ തുടർന്നാണ് കൊല്ലം സി.ഐയുടെ നേതൃത്വത്തിലുള്ള സംഘം തളിപ്പറമ്പിൽ എത്തിയത്. പറശിനിക്കടവ് ഹിൽടോപ്പ് ലോഡ്ജിൽ നിന്ന് കുന്നത്തൂർ സിനിമപറമ്പ കാലടി സ്വദേശികളായ ഷാനവാസ് (38), റിൻഷാദ് (28), കൊല്ലം ശാസ്താംകോട്ടയിലെ അൽ അമീൻ (28) എന്നിവരെയും തളിപ്പറമ്പ ഇഖ്ബാൽ ടൂറിസ്റ്റ്ഹോമിൽ നിന്ന് നിസാമിനെയുമാണ് (34) പിടികൂടിയത്.

പകൽ വാനിലെത്തി സൈനികന്റെ വീട് ആക്രമിച്ച സംഘത്തിൽപ്പെട്ടവരാണിവർ. ഈ മാസം രണ്ടിനാണ് പുത്തൂരിലെ സൈനികനായ വിഷ്ണുവിന്റെ വീട് അടിച്ച് തകർത്തത്. ഉച്ചക്ക് 12ന് സംഘടിച്ചെത്തിയ എസ്.ഡി.പി.ഐ സംഘാംഗങ്ങൾ മുൻ വാതിലുകളും ജനലുകളും തകർത്ത് വിഷ്ണുവിന്റെ അമ്മ സുഭദ്രാമ്മയെ വാൾ ചൂണ്ടി കൊന്നുകളയുമെന്നു ഭീഷണിപ്പെടുത്തുകയും ചെയ്തു. അക്രമത്തിന് മൂന്ന് ദിവസം മുമ്പ് വിഷ്ണുവും സുഹൃത്തും വാഹനത്തിൽ പോകവെ കൊട്ടാരക്കര മുസ്ലിം സ്ട്രീറ്റ് സ്വദേശികൾ അറവുമാടുകളുമായി പോവുകയായിരുന്ന വാഹനത്തിന് സൈഡ് കൊടുക്കാത്തതിനെ ചൊല്ലി കശപിശ നടന്നിരുന്നു. ഇതേ തുടർന്ന് പ്രശ്നം എസ്.ഡി.പി.ഐ ഏറ്റെടുക്കുകയും സംഘടിച്ചെത്തി അക്രമം നടത്തുകയുമായിരുന്നു. കൊല്ലം റൂറൽ പോലീസ് ചീഫ് ബി.അശോകൻ രൂപം കൊടുത്ത പ്രത്യേക അന്വേഷണ സംഘമാണ് കേസ് അന്വേഷിക്കുന്നത്.

അക്രമത്തിന് ശേഷം കണ്ണൂരിലേക്ക് രക്ഷപ്പെട്ട സംഘം തളിപ്പറമ്പിലും പറശിനിക്കടവിലും ലോഡ്ജുകളിൽ താമസിച്ച് മുളകർട്ടൻ വിൽപ്പന നടത്തുകയായിരുന്നു. ഇതാണ് ഇവരെ കുറിച്ച് സംശയം ഇല്ലാതായതിന്റെ കാരണം.

എസ്.ഡി.പി.ഐക്കാർ തളിപ്പറമ്പിൽ പിടിയിലായിട്ടുണ്ടെന്ന വാർത്ത വന്നതോടെ നിരവധി പേരാണ് പോലീസ് സ്റ്റേഷനിലെത്തിയത്. അഭിമന്യു വധക്കേസിലെ പ്രതികൾ തളിപ്പറമ്പിൽ പിടിയിലായെന്നാണ് ആദ്യം വാർത്ത പ്രചരിച്ചിരുന്നത്.

മാധ്യമ സെമിനാർ സംഘടിപ്പിച്ചു

കണ്ണൂർ: വിക്ടർ ജോർജ് അനുസ്മരണ ദിനത്തിന്റെ ഭാഗമായി കേരള പത്രപ്രവർത്തക യൂനിയൻ ജില്ലാ കമ്മിറ്റി പ്രസ്ക്ലബിൽ മാധ്യമ സെമിനാർ സംഘടിപ്പിച്ചു. ഇന്ത്യൻ മാധ്യമ പ്രവർത്തനം ഭീതിയുടെ നിഴലിലോ എന്ന വിഷയത്തിൽ നടന്ന സെമിനാർ ടി.വി.രാജേഷ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. സി.സുനിൽകുമാർ വിക്ടർ ജോർജ് അനുസ്മരണ പ്രഭാഷണം നടത്തി. പ്രസ്ക്ലബ് പ്രസിഡണ്ട് എ.കെ.ഹാരിസ് അധ്യക്ഷത വഹിച്ചു. സതീശൻ പാച്ചേനി, കെ.രഞ്ചിത്ത്, യു.പി. സന്തോഷ് സംബന്ധിച്ചു. സെക്രട്ടറി പ്രശാന്ത് പുത്തലത്ത് സ്വാഗതവും ട്രഷറർ സിജി ഉലഹന്നാൻ നന്ദിയും പറഞ്ഞു.

മരണവീട്ടിൽ തട്ടിപ്പ് നടത്തിയ യുവാവ് മുയ്യം സ്വദേശിയെന്ന് സംശയം

തളിപ്പറമ്പ: മരണം നടന്ന വീടിന്റെ പേര് പറഞ്ഞ് തട്ടിപ്പ് നടത്തിയ യുവാവ് മുയ്യം സ്വദേശിയാണെന്ന് സംശയം. നേരത്തെ ബൈക്ക് മോഷണ കേസിൽ ജയിലിൽ കിടന്ന യുവാവാണിത്. ഇന്നലെ കൂവോട് ആയുർവേ ആശുപത്രിക്ക് സമീപത്ത് എത്തിയാണ് തട്ടിപ്പ് നടത്തി 2000 രൂപയുമായി മുങ്ങിയത്. കാക്കാമണി മാധവി എന്ന സ്ത്രീ ഇന്നലെ മരണപ്പെട്ടിരുന്നു. ഇവരുടെ മൃതദേഹവുമായി ബന്ധുക്കളും നാട്ടുകാരും ശ്മശാനത്തിൽ പോയപ്പോഴാണ് ഒരു യുവാവ് അടുത്ത വീട്ടിൽ ചെന്ന് 2000 രൂപ ആവശ്യപ്പെട്ടത്. ആംബുലൻസിന് കൊടുക്കാൻ 2000 രൂപ വാങ്ങിക്കാൻ മരിച്ച മാധവിയുടെ മകൻ ബാലകൃഷ്ണൻ പറഞ്ഞയച്ചതാണെന്നാണ് വീട്ടുകാരോട് പറഞ്ഞത്. ഒരു സംശയവും തോന്നാത്തതിനാൽ വീട്ടുകാർ ഉടൻ കാശ് നൽകുകയും ചെയ്തു. പിന്നീട് ശ്മശാനത്തിൽ പോയവർ എത്തിയപ്പോഴാണ് നടന്നത് തട്ടിപ്പാണെന്ന് മനസിലായത്. ഇതിന് തൊട്ടടുത്ത വീട്ടിലും ഇയാൾ സമാനമായ രീതിയിൽ തട്ടിപ്പ് നടത്താൻ ശ്രമിച്ചിരുന്നു. അവിടെ 500 രൂപ മാത്രമേ ഉണ്ടായിരുന്നുള്ളൂ. വിവാഹ വീടുകൾ കേന്ദ്രീകരിച്ചും ആശുപത്രികൾ കേന്ദ്രീകരിച്ചും ഇത്തരം തട്ടിപ്പുകൾ നടക്കാറുണ്ടെങ്കിലും മരണവീട്ടിൽ തട്ടിപ്പുകാർ വിലസുന്നത് അപൂർവമാണ്.

ഒരാഴ്ച മുമ്പ് സഹകരണ ആശുപത്രിയും ഇയാൾ തട്ടിപ്പ് നടത്തിയിരുന്നു. ആശുപത്രിയിൽ കഴിയുന്ന ഒരു വീട്ടമ്മയോട് 'പെങ്ങൾ ഇവിടെ പ്രസവിച്ചിട്ടുണ്ട്, പെട്ടെന്ന് ഒരു മരുന്ന് വാങ്ങണം, 2000 രൂപ വേണ'മെന്ന് ആവശ്യപ്പെട്ടു. സംശയം തോന്നാത്ത വീട്ടമ്മ ഉടൻ പൈസ കൊടുക്കുകയും ചെയ്തു. പിന്നീട് ഇവരുടെ ഭർത്താവ് എത്തിയപ്പോൾ കാര്യം പറഞ്ഞു. അന്വേഷണത്തിൽ ഇത് തട്ടിപ്പാണെന്ന് മനസിലായി. പരാതി കൊടുത്തതിനെ തുടർന്ന് ആശുപത്രി അധികൃതർ നിരീക്ഷണ ക്യാമറ ദൃശ്യം പരിശോധിച്ച് ആളെ കണ്ടെത്തി. മുയ്യത്തെ വീട്ടിൽ പോയ യുവാവിനെ



വീട്ടമ്മയുടെ ബന്ധുക്കൾ പിടിച്ചെങ്കിലും പണം ചില വഴിച്ചതിനാൽ തിരികെ കിട്ടിയില്ല. അന്ന് കൈകാര്യം ചെയ്ത് വിട്ടയക്കുകയായിരുന്നു. സമാന രീതിയിൽ അള്ളാംകുളത്തെ ഒരു മരണവീട്ടിലും യുവാവ് തട്ടിപ്പ് നടത്തിയിരുന്നു. മാതാപിതാക്കൾ മരിച്ച യുവാവ് മുത്തച്ഛനോടൊപ്പമാണ് താമസിക്കുന്നത്.

യുവാവിന്റെ സഹോദരൻ തളിപ്പറമ്പിലെ ഒരു പ്രശസ്തമായ സ്കൂളിൽ പത്താംതരം വിദ്യാർത്ഥിയാണ്. പലപ്പോഴും പ്രകൃതിവിരുദ്ധ പീഡനം നടത്തിയെന്ന ചില രുടെ പേരിൽ ഈ വിദ്യാർത്ഥി ചൈൽഡ്ലൈനിൽ പരാതി നൽകാറുണ്ട്. ഇങ്ങനെ പണം തട്ടാനും ശ്രമിച്ചിട്ടുണ്ട്. സ്കൂൾ അധികാരികൾക്കും കാര്യം ബോധ്യമായത് കൊണ്ടാണ് പലരും രക്ഷപ്പെട്ടത്.

സഹകരണ ആശുപത്രിയിലെ സി.സി.ടിവിയിൽ പതിഞ്ഞ ദൃശ്യം

കല്ലൊടിയിലെ വാഹനാപകടം: രാജിനിയുടെ നില അതീവ ഗുരുതരം

ആലക്കോട്: ആലക്കോട്-കരുവഞ്ചാൽ റോഡിലെ കല്ലൊടിയിലുണ്ടായ വാഹനാപകടത്തിൽ ഗുരുതര പരിക്കേറ്റ ദമ്പതിമാരിൽ ഒരാളുടെ നില അതീവ ഗുരുതരമായി തുടരുന്നു. കാപ്പിമല ഫർലോംഗ്കരയിലെ കണ്ണാസ തീഷ് (40), ഭാര്യ തോയൻ രാജിനി (38) എന്നിവർക്കാണ് ഗുരുതര പരിക്കേറ്റത്. മംഗലാപുരം യൂണിറ്റി ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന രാജിനിയാണ് അതീവ ഗുരുതരനിലയിൽ കഴിയുന്നത്. വെന്റിലേറ്ററിന്റെ സഹായത്തോടെയാണ് യുവതിയുടെ ജീവൻ നിലനിർത്തുന്നത്. 48 മണിക്കൂറിന് ശേഷമേ വ്യക്തമായ വിവരം ലഭിക്കുകയുള്ളൂവെന്നാണ് ഡോക്ടർമാർ ബന്ധുക്കളെ അറിയിച്ചിരിക്കുന്നത്. അതേസമയം മംഗലാപുരം ഹെഗ്ഡേ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന സതീഷ് അപകടനില തരണം ചെയ്തിട്ടുണ്ട്. ഇന്നലെ ഉച്ച കഴിഞ്ഞ് രണ്ട് മണിയോടെയായിരുന്നു നാടിനെ നടുക്കിയ അപകടം. കരുവഞ്ചാലിൽ നിന്ന് സ്കൂട്ടറിൽ പൂവഞ്ചാലിലെ രാജിനിയുടെ വീട്ടിലേക്ക് പോവുകയായിരുന്നു ദമ്പതികൾ. മഴ കാരണം സ്കൂട്ടർ റോഡരികിൽ നിർത്തി കുടചൂടി നിൽക്കുന്നതിനിടെ നിയന്ത്രണം വിട്ടെത്തിയ കാർ ഇവരെയും സ്കൂട്ടറിനെയും ഇടിച്ച് തെറിപ്പിക്കുകയായിരുന്നു. ആലക്കോട് നിന്ന് ശ്രീകണ്ഠപുരത്തേക്ക് പോയ മുഹമ്മദ്ഷാഫിയും കുടുംബവും സഞ്ചരിച്ച കാറാണ് അപകടം വരുത്തിയത്. റോഡരികിലെ മതിലിൽ ഇടിച്ച കാർ ഓവുചാലിലേക്ക് ചെരിഞ്ഞാണ് നിന്നത്. മുഹമ്മദ്ഷാഫിയുടെ ഭാര്യ സക്കീന, ഡ്രൈവർ നൗഷാദ് എന്നിവർക്കും പരിക്കേറ്റു. കാർ ഇടിച്ച് തെറിപ്പിച്ച സ്കൂട്ടർ ഇടിച്ച് കാർത്തികപുരം സ്വദേശി വിനുവിന്റെ കാറിനും കേടുപാടുകൾ സംഭവിച്ചു. നാട്ടുകാരും പോലീസും ചേർന്നാണ് രക്ഷാപ്രവർത്തനം നടത്തിയത്.

സ്വർണ്ണം ഇന്നത്തെ വില
ഗ്രാമിന്: 2,840
പവന് :22,720
പവിത്രാ ജ്വല്ലറി
കുട്ടുക്കൻ കോംപ്ലക്സ്, ഹൈവേ, തളിപ്പറമ്പ
Ph: 0460-2207237

എം.എം.ജേക്കബിന് പുളിമ്പറമ്പിലെ വൈദികനുമായി അഭേദ്യബന്ധം

തളിപ്പറമ്പ: അന്തരിച്ച മുതിർന്ന കോൺഗ്രസ് നേതാവ് എം.എം.ജേക്കബിന് പുളിമ്പറമ്പിലെ ഫാ. അഗസ്റ്റിൻ കണ്ടത്തിലുമായുണ്ടായിരുന്നത് അഭേദ്യമായ ബന്ധം. ചെറുപ്പകാലം മുതൽ തുടങ്ങിയ ബന്ധം അവസാന കാലം വരെയും എം.എം. ജേക്കബ് നിലനിർത്തിയിരുന്നു. കുടുംബപരമായും ഇവർ ബന്ധുക്കളാണ്.ജേക്കബ് കണ്ണൂരിലേക്ക് വരുന്ന സന്ദർഭങ്ങളിൽ അതിന് മുമ്പായി ഫാ. അഗസ്റ്റിന് സ്വന്തം കൈപടയിൽ കത്തയക്കാറുണ്ടായിരുന്നു. ഇതുപ്രകാരം പയ്യന്നൂർ റെയിൽവേ സ്റ്റേഷനിൽ അദേഹത്തെ സ്വീകരിക്കാൻ ഫാ. അഗസ്റ്റിൻ പോകാറുമുണ്ടായിരുന്നു. പരിപാടികൾക്കായി കണ്ണൂരിലെത്തുമ്പോഴൊക്കെ ഫാ. അഗസ്റ്റിന്റെ വീട് സന്ദർശിക്കാറുണ്ടായിരുന്നു. ഇപ്രകാരം അഞ്ചോളം തവണ അദേഹം തളിപ്പറമ്പിലെത്തി. മരിയപുരം നിത്യസഹായ മാതാ പള്ളിയിൽ സുക്കോളച്ചന്റെ സഹായിയായി ഫാ. അഗസ്റ്റിൻ സേവനമനുഷ്ഠിച്ചയാളാണ്. 1985ൽ ജേക്കബിന്റെ ഭാര്യ അച്ചാമ്മ ജേക്കബ് മരണപ്പെട്ടതിനെ തുടർന്ന് ഫാ. അഗസ്റ്റിനും കുടുംബക്കാരും മരണാനന്തര ചടങ്ങുകളിൽ പങ്കെടുക്കാൻ പോയിരുന്നു. സുക്കോളച്ചന് ഇന്ത്യൻ പൗരത്വം നൽകുന്നതുമായി ബന്ധപ്പെട്ടുള്ള സമരത്തിലും ഫാ. അഗസ്റ്റിൻ പങ്കെടുത്തിരുന്നു.

എം.എം.ജേക്കബ് ഫാ.അഗസ്റ്റിൻ കണ്ടത്തിലിനെ സന്ദർശിച്ചപ്പോൾ (ഫയൽഫോട്ടോ)

നാല് വർഷം മുമ്പ് ഫാ. അഗസ്റ്റിന് കാലിന് പരിക്ക് പറ്റിയതിനെ തുടർന്ന് ജേക്കബ് അദേഹത്തെ സന്ദർശിക്കാനെത്തിയിരുന്നു. ഫാ. അഗസ്റ്റിന്റെ സഹോദരന്റെ മകനും യൂത്ത് കോൺഗ്രസ് നേതാവുമായിരുന്ന ബാബു കണ്ടത്തിലും ജേക്കബുമായി നല്ല ബന്ധം സൂക്ഷിച്ചിരുന്നു. ഇവർ മെയിൻറോഡിൽ ആരംഭിച്ച ജ്വല്ലറിയുടെ ഉദ്ഘാടനം നിർവ്വഹിച്ചത് ജേക്കബായിരുന്നു.

കടപുഴകി വീണ കൂറ്റൻ ആൽമരം

പൂപ്പറമ്പിൽ ആൽമരം കടപുഴകി; ഒഴിവായത് വൻ ദുരന്തം

ശ്രീകണ്ഠപുരം: നിരവധി വാഹനങ്ങളും യാത്രക്കാരും കടന്നു പോകുന്ന എരുവേശി പൂപ്പറമ്പ് റോഡിൽ ഇന്നലെ വൈകിട്ട് കൂറ്റൻ ആൽമരം കടപുഴകിയപ്പോൾ വൻ ദുരന്തം ഒഴിവായത് തലനാരിഴക്ക്. പൂപ്പറമ്പിൽ ഇംഗ്ലീഷ് മീഡിയം സ്കൂളിന് സമീപമുള്ള അരയാൽ വൃക്ഷമാണ് റോഡിൽ നിലംപൊത്തിയത്. വാഹനങ്ങളിൽ യാത്രക്കാർ കടന്നുപോകുന്ന സമയമായിരുന്നെങ്കിലും അപകടമുണ്ടായ റോഡിൽ അന്നരയടി അകലെയായാണ് വാഹനമുണ്ടായിരുന്നത്. കുടിയാൻമല എസ്.ഐ. വി.വി.ശ്രീജേഷും നാട്ടുകാരും ഫയർഫോഴ്സും ഏറെ പണിപ്പെട്ടാണ് മരം മുറിച്ചുനീക്കി രാത്രിയോടെ ഇതുവഴി ഗതാഗതം പുനസ്ഥാപിച്ചത്.

സ്റ്റാഫിനെ ആവശ്യമുണ്ട്
കരുവഞ്ചാൽ, ശ്രീകണ്ഠപുരം
കരിയർ പോയിന്റ് ഓഫീസിലേക്ക്
ലേഡീസ് സ്റ്റാഫിനെ ആവശ്യമുണ്ട്
Ph: 7510768805

10 വർഷത്തെ സേവനപാരമ്പര്യം
സൗഹൃദ ഹോം നേഴ്സിംഗ് സെന്റർ
കാവുപുരയ്ക്കൽ ബിൽഡിംഗ്
ന്യൂ ബസാർ, ആലക്കോട്
Ph: 9744760536, 9447648708
ഞങ്ങളുടെ സേവനങ്ങൾ
പ്രസവശുശ്രൂഷ, രോഗിപരിചരണം, വീട്ടുജോലി
ജോലി ആവശ്യമുള്ളവരും
ജോലിക്കാരെ ആവശ്യമുള്ളവരും ബന്ധപ്പെടുക

WANTED
ALUMINIUM FABRICATORS
തളിപ്പറമ്പിലെ പ്രമുഖ അലുമിനിയം ഫാബ്രിക്കേഷൻ കമ്പനിയിലേയ്ക്ക് പ്രവർത്തി പരിചയമുള്ള ഫാബ്രിക്കേറ്റേഴ്സിനേയും, ഹെൽപേഴ്സിനേയും, ഡ്രൈവറേയും ആവശ്യമുണ്ട്.
flytech Mosquito Free Homes
9845016740
9497810055

ചരമം

കൃഷ്ണൻ നായർ

പട്ടുവം: കാവുങ്കലിലെ മീത്തൽ കൃഷ്ണൻ നായർ(63) നിര്യാതനായി. ഭാര്യ: ലളിത. മക്കൾ: പ്രജീഷ്(ഗൾഫ്), പ്രീമ. മരുമക്കൾ: പ്രമോദ്(കണ്ണാടിപ്പറമ്പ്), റിനി(കണിയാർവയൽ). സഹോദരങ്ങൾ: യശോദ, ദാമോദരൻ.

ജാനകി

നടുവിൽ: പോത്തുകുണ്ടിലെ കോൺഗ്രസ് നേതാവ് അവിടത്ത് കണ്ണന്റെ ഭാര്യ മല്ലിശേരി ജാനകി (64) നിര്യാതയായി. മക്കൾ: ഉഷ, നിഷ (സെക്രട്ടേറിയറ്റ് ജീവനക്കാരി, തിരുവനന്തപുരം), മോഹനൻ, മധുസൂദനൻ. മരുമക്കൾ: ബിജു (ആയുർവേദ വൈദ്യൻ, കരയത്തുംചാൽ), സതീഷ് (കലക്ട്രേറ്റ്, കാസർക്കോട്), സുകന്യ (രാമന്തളി), ശബരി (പയ്യാവൂർ). സംസ്കാരം ഇന്ന് രണ്ട് മണിക്ക് വീട്ടുവളപ്പിൽ.

പൊന്നി

ആലക്കോട്: കൂളാമ്പി ഇ.എം.എസ് നഗറിലെ പുതുശേരി പൊന്നി(80) നിര്യാതയായി. ഭർത്താവ്: പരേതനായ വെളുത്ത രാമൻ. മക്കൾ: യശോദ, നാരായണൻ, രാമു, ചന്ദ്രിക, ശ്രീധരൻ, രമേശൻ, വിനു, പുഷ്പ. മരുമക്കൾ: നാരായണി, രാജൻ, ജാനു, കുഞ്ഞിരാമൻ, സുജാത.

വർക്കി

പുലിക്കുരുമ്പ: അരങ്ങിലെ ആദ്യകാല കുടിയേറ്റ കർഷകൻ കുന്നേൽ വർക്കി (വക്കച്ചൻ-81) നിര്യാതനായി. ഭാര്യ: ചെമ്പേരി പുതിയിടത്തുപറമ്പിൽ കുടുംബാംഗം റോസമ്മ. മക്കൾ: ബേബി, ഫാ. കുര്യാക്കോസ് (ഭരണങ്ങാനം), സിസ്റ്റർ ലൂസി (നിർമ്മലഗിരി), മേരി, അപ്പച്ചൻ, ലില്ലി, സിസ്റ്റർ ക്രിസ്റ്റി (മാനന്തവാടി), ഡെയ്സി, ഫാ. ജോസഫ് (ബൊളിവീയ), ജസീന്ത (അധ്യാപിക, ഐ.ജെ.എം ഹൈസ്കൂൾ, കൊട്ടിയൂർ). മരുമക്കൾ: മേരിക്കുട്ടി കാപ്പിയിൽ (നെല്ലിക്കുന്ന്), ജോസ് കുന്നത്തുകുഴിയിൽ (മാനന്തവാടി), ജാൻസി പൊട്ടൻപ്ലാക്കൽ (എടക്കോം), മാത്യു പുത്തൻപുരയ്ക്കൽ (വിമലശേരി), സിബിച്ചൻ പുലിയുറമ്പിൽ (മണക്കടവ്), ജോമോൻ വലിയവീട്ടിൽ (വില്ലേജ് ഓഫീസർ, കൊട്ടിയൂർ). സംസ്കാരം ഇന്നുച്ച കഴിഞ്ഞ് 2.30ന് പുലിക്കുരുമ്പ സെന്റ് അഗസ്റ്റിൻസ് പള്ളിയിൽ.

വി.എം.രാഘവൻ

പയ്യന്നൂർ: പരേതരായ കിഴക്കേക്കര വണ്ണാടിൽ നാരായണ പൊതുവാൾ- വെള്ളോറ മഠത്തിൽ ചിരിയമ്മ ദമ്പതികളുടെ മകനും പയ്യന്നൂർ സുബ്രഹ്മണ്യ സ്വാമി ക്ഷേത്രത്തിലെ വെള്ളോറ തറവാടിന്റെ അച്ഛനുമായ വി.എം.രാഘവൻ മൂത്ത പൊതുവാൾ(73) നിര്യാതനായി. റിട്ട.കോടതി ജീവനക്കാരനാണ്. ഭാര്യ: കെ.വി.ഭാർഗവി. മക്കൾ: മായ, ഷീജ, മനുരാജ്(മലബാർ ഗോൾഡ്, കോഴിക്കോട്). മരുമക്കൾ: വി.എം.മുരളീധരൻ(ഷൺമുഖ ഹോട്ടൽ മഹാദേവ ഗ്രാമം, പയ്യന്നൂർ), പി.എം.ധനഞ്ജയൻ(ജില്ലാ കോടതി, കാസർഗോഡ്), വിദ്യ. സഹോദരങ്ങൾ: ദാമോദരൻ(റിട്ട.യൂത്ത് വെൽഫെയർ ഓഫീസർ), നാരായണൻ(റിട്ട.സി.ആർ.പി.എഫ്). നാരായണി, ശാന്തകുമാരി, പരേതനായ പത്മനാഭൻ.

സോമൻ

ബക്കളം: നെല്ലിയോട് പി.പി. ഗോവിന്ദൻ സ്മാരക കലാസമിതിക്ക് സമീപത്തെ പി.പി.സോമൻ(54) നിര്യാതനായി. വെസ്റ്റേൺ ഇന്ത്യ പ്ലൈവുഡ് ജീവനക്കാരനാണ്. പരേതനായ ശങ്കരൻ ആചാരി, പാറു ദമ്പതികളുടെ മകനാണ്. ഭാര്യ: മിനി(തവളപ്പാറ), മകൻ: ആദിത്ത്. സഹോദരങ്ങൾ: പത്മനാഭൻ, വത്സരാജൻ(സി.പി.എം നെല്ലിയോട് കലാസമിതി ബ്രാഞ്ചംഗം) ഉണ്ണികൃഷ്ണൻ(കൂനം), ഗീത(ചെറുകുന്ന്), പരേതയായ തങ്കമണി.

കുമാരൻ

അഞ്ചാംപീടിക: രാമുണ്ണിക്കടക്കുസമീപം ചിറ്റോത്ത് കുമാരൻ(75) നിര്യാതനായി. ഭാര്യ: കെ.വി. വല്ലി. മക്കൾ: നിതീഷ്, നിത്യ, നിതിൻ. മരുമക്കൾ: കെ. സിന്ധു, നികേഷ്, ശ്രീഷ്മ. സഹോദരങ്ങൾ: സരോജിനി, രോഹിണി, പ്രേമൻ, ഹരിദാസൻ, മോഹനൻ, ഓമന, സത്യവല്ലി.



നാരായണൻ ആചാരി

തളിപ്പറമ്പ്: പുളിമ്പറമ്പിലെ മാര്യംഗലത്ത് വടക്കിനകത്ത് നാരായണൻ ആചാരി(92) നിര്യാതനായി. ഭാര്യ: എം.വി.നാരായണി. മക്കൾ: പ്രകാശൻ, സുരേശൻ(സൗദി), ഹരിദാസൻ, ബാബു, സന്തോഷ്, റീന, നിഷ, പരേതനായ രാജൻ. മരുമക്കൾ: വിജയൻ(കുറുമാത്തൂർ സഹകരണ ബാങ്ക്, പള്ളിവയൽ ശാഖ), മനോജ്(പാണപ്പുഴ), രാഗിണി, സരിത, സിനി.

2017–18 വർഷത്തെ AITES പരീക്ഷയിൽ
83 ഫസ്റ്റ് ക്ലാസ്സ് നേടി വീണ്ടും സംസ്ഥാനത്ത് ഒന്നാമത്...
പഴശിരാജ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്
(ഗവ.അംഗീകൃതം) മന്ന, തളിപ്പറമ്പ Ph: 0460 2207704 Mob: 9495062052, 9447685934
ദ്വിവത്സര എഞ്ചിനീയറിംഗ് കോഴ്സുകൾ
• ഓട്ടോമൊബൈൽ എഞ്ചിനിയറിംഗ്
• ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ്
അപേക്ഷാ ഫോറത്തിനും വിശദാംശങ്ങൾക്കും കോളേജ് ഓഫീസുമായി ബന്ധപ്പെടുക
• ബസ്സ് യാത്ര കൺസഷൻ ലഭ്യമാണ് (KSRTC ഉൾപ്പെടെ) •
MBA, B-Tech, Diploma, Ex-Service യോഗ്യതയുള്ളവരെ ആവശ്യമുണ്ട്

Printed, Published by P.K.Mujeeb Rahman for Makthab Daily, P.O. Taliparamba, Kannur and Printed at Neethi Offset Press, Taliparamba, Kannur. 670 141 Editor: K.Sunilkumar. Vol. No. 11 Issue No. 216 RNI Reg.No.KER MAL/2007/22043